(ബി) ഇന്ത്യൻ എംബസികളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ എംബസികളിൽ നിയമനം നടത്തുമ്പോൾ മലയാളികളായ ഉദ്യോഗസ്ഥരെ പരമാവധി നിയമിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

എംബസികൾ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ ഒരു സംസ്ഥാന സർക്കാരിന്റെ മാത്രം പ്രതിനിധികളെ ജീവനക്കാരായി നിയമിക്കുന്നതിന് നിർദ്ദേശിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതി

110 (3078) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിലടയ്ക്കപ്പെട്ട മലയാളികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വാഹന ചെലവും വഹിക്കുന്നതിലേക്കായി പ്രവാസി നിയമസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) പദ്ധതി നടപ്പാക്കുന്നതിനായി എംബസിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. എംബസിയുടെ സഹകരണത്തോടെ ലീഗൽ അസിസ്റ്റൻസ് അർഹരായവർക്ക് ലഭ്യമാക്കുന്നതാണ് പദ്ധതി. പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly